പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1304

03/12/2018-ൽ
മറുപടിക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ. ബാബു | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണ്; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിവിധ അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കഴിഞ്ഞ വർഷം തയ്യാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാനിന്റെ നിർവ്വഹണ പദ്ധതി രൂപീകരണം നടന്നു വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളും 5 പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>പഠനപിന്തുണ ആവശ്യമുള്ളവർക്ക് "ശ്രദ്ധ" എന്ന പൊതു പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന 14 സ്കൂളുകളെ ദത്തെടുത്തു കൊണ്ട് വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പ്രോഗ്രാം ഹയർസെക്കന്ററി തലത്തിൽ തയ്യാറാക്കി വരുന്നു. ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം, 'ക്വാളിറ്റി എൻഹാൻസ്മെന്റ്' പ്രോഗ്രാം (QEP), ഹാപ്പി ലേർണിംഗ്, ഇൻഡസ്ട്രി- ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ, റീഡിംഗ് കോർണർ എന്നീ പദ്ധതികൾ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾതലത്തിലും നടപ്പിലാക്കി വരുന്നു. ശാസ്ത്രപാർക്കുകൾ, |

'സുരീലി ഹിന്ദി', 'ഗണിത വിജയം', 'മലയാളത്തിളക്കം', 'കുഞ്ഞുവായന' 'കുഞ്ഞെഴുത്ത്', 'ടാലന്റ് ലാബ്', ജൈവവൈവിധ്യ ഉദ്യാന പാർക്കുകൾ, വായനക്കാർഡുകൾ, പ്രീപ്രൈമറി സ്കൂളുകളുടെ ഏകോപനം, സാമൂഹ്യ ശാസ്ത്ര പ്രതിഭാ പോഷണ പരിപാടി, സാങ്കേതിക പദാവലി, ദേശീയ തൊഴിൽ നൈപുണി യോഗ്യതാ ചട്ടക്കൂട്, യൂണിസെഫുമായി ചേർന്ന് പ്രളയ ബാധിത പ്രദേശത്തെ കുട്ടികൾക്കുള്ള മാനസിക സാമൂഹിക പിന്തുണ, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള 'ഉൾച്ചേർക്കുന്ന വിദ്യാഭ്യാസം' (Inclusive Education)- കാഴ്ചപ്പാട് രേഖ തയ്യാറാക്കൽ, ഓട്ടിസം പാർക്ക് എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ ഹയർസെക്കന്ററി / വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിൽ സ്റ്റുഡന്റ് സെൻട്രിക് പ്രോഗ്രാം, ഹൈടെക്ക് ക്ലാസ്സ് മുറികൾ, അധ്യാപക പരിവർത്തന പരിപാടി എന്നിവയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.

സ്കൂളുകൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ വിഭവങ്ങളും ആസൂത്രണ രേഖകളും വികസിപ്പിക്കുന്നതിന് 'കൈറ്റി'ന്റെ സഹകരണത്തോടെ സമഗ്ര വിദ്യാഭ്യാസ പോർട്ടലിന് രൂപം നൽകി. പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠനബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ ഗവേഷണ പഠനങ്ങൾ സംഘടിപ്പിച്ചു. പ്രളയവുമായി ബന്ധപ്പെട്ട് ദുരന്തനിവാരണത്തിനുള്ള സന്നദ്ധത വികസിപ്പിക്കുന്നതിന് യൂണിസെഫിന്റെ സഹകരണത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്ര കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ ;

(ബി) പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിനായി 5 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം 141 സ്കൂളുകളെയും 3കോടി രൂപയുടെ ധനസഹായത്തോടെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 229 സ്കൂളുകളെയും തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 1237.67 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 149 എൽ.പി / യു.പി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ വീതം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ തയ്യാറാക്കി വരുന്ന മാസ്റ്റർപ്ലാനുകളുടെ നടത്തിപ്പ് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

(സി) അടിസ്ഥാന സൗകര്യങ്ങൾ, അക്കാദമിക പദ്ധതികൾ എന്നിവ മുൻ നിർത്തി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും അറിവും കഴിവും അതാത് പ്രായത്തിനും കാലഘട്ടത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും വികസിപ്പിക്കുന്നതിനായി അക്കാദമികമായി എന്തെല്ലാം ചെയ്യണം എന്ന കൃത്യമായ ആസൂത്രണ രേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ. എല്ലാ സ്കൂളുകളും അക്കാദമിക മാസ്റ്റർപ്ലാൻ തദ്ദേശഭരണപ്രതിനിധികൾ, ജനപ്രതിനിധികൾ, രക്ഷാകർത്താക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, പി.റ്റി.എ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾതല റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ 2018 ജനുവരി മാസത്തോടെ തയ്യാറാക്കുകയും ഫെബ്രുവരിയിൽ പൊതുസമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടനുബന്ധിച്ച് സമീപനരേഖ വികസനം, സ്കൂൾ തല ആക്ഷൻ പ്ലാൻ രൂപീകരണം, ജില്ലാതല അവലോകനം, അക്കാദമിക പ്രവർത്തനങ്ങളുടെ ഉദ്ഗ്രഥനം , സംസ്ഥാനതല ശില്പശാല, ജില്ലാതല ഉദ്യോഗസ്ഥ അവലോകനം എന്നീ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

അക്കാദമിക മാസ്റ്റർപ്ലാനിന്റെ നിർവ്വഹണ പദ്ധതി സ്കൂൾതല , പഞ്ചായത്ത് തല പൂർത്തീകരണം പൂർണ്ണമാകുന്ന മുറയ്ക്ക് ഓരോ സ്കൂളുകളും 5 അക്കാദമിക പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

Namitha P

**സെക്ഷൻ ഓഫീസർ**